# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(പബ്ളിക്ക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം-695 033)*

**(ഹാജർ: സി.എ.ലത ഐ.എ.എസ്)**

---

**എൽ.ആർ.എം(2)- 17527/19** തീയതി: 03/09/19

---

**വിഷയം:** ബഡ്ജറ്റ് എസ്റ്റിമേറ്റ്- 2019-20, പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ വികസന ഫണ്ട്- നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്.

**സൂചന:** 1.സർക്കാരിന്റെ 25/04/19 ലെ 34/2019/Fin നം. സർക്കുലർ.
2.SFO യുടെ 09/05/19 ലെ FB(A1) 14096/19 നം.ആ.ഔ.കുറിപ്പ്.
3.കോഴിക്കോട് ജില്ലാ കളക്ടറുടെ 30/07/19 ലെ DCKKD/4345/2019/D6 നം.കത്ത്.
4.കൊല്ലം ജില്ലാ കളക്ടറുടെ 5/8/19 ലെ DCKLM/5447/ 2019/E3 നം.കത്ത്.
5.പാലക്കാട് ജില്ലാ കളക്ടറുടെ 06/08/2019 ലെ DCPKD/6774/ 2019-D7 നം. കത്ത്.

സൂചന(1) പ്രകാരം സംസ്ഥാനത്തെ റവന്യൂ ഓഫീസുകൾ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജില്ലാ കലക്ടേറ്റുകൾക്ക് ' 2053-00-093-99-67-NP-V' ശീർഷകത്തിൽ 84,00,000/- രൂപ വകയിരുത്തിയിട്ടുള്ളതാണ്.

കോഴിക്കോട് ജില്ലാ കളക്ട്രേറ്റിൽ പൊതു ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനായി PWD – കെട്ടിട വിഭാഗം തയ്യാറാക്കിയ 6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം ജില്ലാ കളക്ടർ സൂചന (3) പ്രകാരം ശുപാർശ ഹാജരാക്കിയിട്ടുള്ളതാണ്.

കൊല്ലം ജില്ലാ കളക്ടേറ്റിൽ സന്ദർശകർക്ക് ആവശ്യമായ ഇരിപ്പിടങ്ങൾ, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി SIDCO തയ്യാറാക്കിയ 5,93,247 രൂപയുടെ എസ്റ്റിമേറ്റ് സഹിതം സൂചന(4) പ്രകാരം ജില്ലാ കളക്ടർ ശുപാർശ ഹാജരാക്കിയിട്ടുള്ളതാണ്.

പാലക്കാട് ജില്ലാ കളക്ടേറ്റിൽ, പൊതു ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 6 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സഹിതം സൂചന(5) പ്രകാരം ജില്ലാ കളക്ടർ ശുപാർശ ഹാജരാക്കിയിട്ടുള്ളതാണ്.

2019-20 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടി ആവശ്യങ്ങൾക്കായി മതിയായ തുക വകയിരുത്തിയിട്ടുള്ളതിനാലും ടി 3 ജില്ലാ കളക്ടർമാരും അംഗീകൃത ഏജൻസികളിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടുള്ളതിനാലും, ടി കളക്ടേറ്റുകളിൽ സന്ദർശിക്കുന്ന പൊതുജനങ്ങൾക്കായുള്ള ടി വിവരിച്ചിരിക്കുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി 2053-00-093-99-67-NP-V എന്ന ശീർഷകത്തിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകി ഇതിനാലുത്തരവാകുന്നു.

| ക്രമ നം. | ജില്ല | തുക |
|---|---|---|
| 1 | കോഴിക്കോട് | 6,00,000 |
| 2 | കൊല്ലം | 5,93,247 |
| 3 | പാലക്കാട് | 6,00,000 |

ഒപ്പ്/-

***കമ്മീഷണർ***

പകർപ്പ്:-

1. ജില്ലാ കളക്ടർ- കോഴിക്കോട്
2. ജില്ലാ കളക്ടർ- കൊല്ലം
3. ജില്ലാ കളക്ടർ- പാലക്കാട്
4. സീനിയർ ഫിനാൻസ് ഓഫീസർ
5. കമ്മീഷണറുടെ സി.എ
6. ജോയിന്റ് കമ്മീഷണറുടെ സി.എ
7. FB (A1)
8. നോഡൽ ഓഫീസർ ഐ.റ്റി സെൽ (ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിലേക്ക്)
9. സ്റ്റോക്ക് ഫയൽ

**ഉത്തരവിൻ പ്രകാരം**

അസിസ്റ്റന്റ് കമ്മീഷണർ(എസ്.സി)

T3